പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2978 — 22.06.2012 ൽ മറുപടിയ്ക്ക്

## തരിശ് കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ. പാലോട് രവി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** തരിശ് കൃഷിയിടങ്ങൾ കണ്ടെത്തി ഭൂവുടമയും കർഷകനും തമ്മിൽ കരാറടിസ്ഥാനത്തിൽ കൃഷി യോഗ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ; | **(എ)** തരിശ് കൃഷിയിടങ്ങൾ കണ്ടെത്തി ഭൂവുടമയും കർഷകനും തമ്മിൽ കരാറടിസ്ഥാനത്തിൽ കൃഷി യോഗ്യമാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി 940 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയാണ് കരാറടിസ്ഥാനത്തിൽ തരിശു ഭൂമിയിൽ കൃഷി ചെയ്യുവാനുദ്ദേശിക്കുന്നത്. ഭൂവുടമകൾക്ക് ഹെക്ടറിന് 5000/- രൂപ നിരക്കിലും, കർഷകർക്ക് വിളയനുസരിച്ച് ഹെക്ടറിന് 20000/- മുതൽ 30000/- രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്. നെല്ല് 400 ഹെക്ടറിലും, വാഴ 1200 ഹെക്ടറിലും, പച്ചക്കറികൾ 1200 ഹെക്ടറിലും കിഴങ്ങുവർഗ്ഗ വിളകൾ 400 ഹെക്ടറിലും കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണ് അംഗീകരിച്ചിട്ടുള്ളത്. ആകെ 3200 ഹെക്ടർ (8000 ഏക്കർ) സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| **(ബി)** എന്തെല്ലാം കാർഷിക വിളകളാണ് കരാറടിസ്ഥാനത്തിൽ കൃഷി ചെയ്യാനുദ്ദേശിക്കുന്നത്; | **(ബി)** നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവയാണ് നടപ്പ് സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ തരിശു ഭൂമിയിൽ കൃഷി ചെയ്യാനുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| **(സി)** | എന്തെല്ലാം ധനസഹായങ്ങളും ആനുകൂല്യങ്ങളുമാണ്, കർഷകർക്കും ഭൂവുടമകൾക്കും നൽകുന്നത്; | **(സി)** | കർഷകർക്ക് ഹെക്ടറിന് 20000-30000 രൂപ വരെ വിളകൾ അനുസരിച്ചും ഭൂവുടമകൾക്ക് ഹെക്ടറിന് 5000/- രൂപയും ധനസഹായമായി നൽകുന്നതാണ്. |
| **(ഡി)** | എത്ര ഏക്കർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട് എന്ന് വിശദമാക്കുമോ? | **(ഡി)** | നടപ്പു സാമ്പത്തിക വർഷം 8000 ഏക്കർ (3200 ഹെക്ടർ) സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ